
മിൽഡ്യൂ എന്ന രോഗമാണ്. വെറ്റബിൾ സൾഫർ 2 ഗ്രാം/1 ലിറ്റർ വെള്ളത്തിൽ എന്ന കണക്കിന് ഒരാഴ്ച ഇടവിട്ട് രണ്ടു തവണ തളിക്കണം.

### വഴുതന, മുളക്

- വഴുതനയിൽ കായും തണ്ടും തുരക്കുന്ന കീടം ഈ മാസം ഉണ്ടാകാം. ഉപദ്രവമേറ്റ ഭാഗങ്ങൾ മുറിച്ചു മാറ്റുക. കായും തണ്ടും തുരക്കുന്ന കീടത്തെ നിയന്ത്രിക്കാൻ വേപ്പെണ്ണ എമൾഷൻ, വേപ്പിൻകുരു സത്ത്, ബിവേറിയ എന്നിവയിലേതെങ്കിലുമൊന്ന് വെള്ളത്തിൽ കലർത്തി തളിക്കുക.
- നീരൂറ്റി കുടിക്കുന്ന ചെറു കീടങ്ങൾക്കെതിരെ രാസകീടനാശിനികളായ അസഫേറ്റ് 1.5 ഗ്രാം അല്ലെങ്കിൽ ഇമിഡാക്ലോപ്രിഡ് 0.5 മി.ലി. എന്നിവയിതൊന്ന് ഒരു ലിറ്റർ മിശ്രിതം വെള്ളത്തിൽ എന്ന കണക്കിന് തളിക്കുക. വേപ്പെണ്ണ-വെളുത്തുള്ളി-സോപ്പ് മിശ്രിതം നേർപ്പിച്ച് തളിച്ചാലും ഈ ചെറു കീടങ്ങൾ നശിക്കും. മഞ്ഞ ബോർഡിൽ ആവണക്കെണ്ണ തേച്ച് പിടിപ്പിച്ച് കെണികളൊരുക്കിയാൽ ഈ പ്രാണികൾ അതിൽ പറ്റിക്കൂടും.
- ഇലയുടെ മുകളിൽ മണ്ഡരി, ഇലപ്പേൻ എന്നിവയുടെ ആക്രമണം കാണാറുണ്ട്. ഇലയുടെ അരിക് മുകളിലേക്ക് വളയുന്നതും കൂമ്പിലകൾ ചെറുതായിപ്പോകുന്നതും ഇലപ്പേനിന്റെ ആക്രമണത്തിന്റെ ലക്ഷണങ്ങളാണ്.ഇവയ്ക്കെതിരെ ഡൈമെത്തോയേറ്റ്, ഇമിഡാക്ലോപ്രിഡ് എന്നിവയിലേതെങ്കിലും ഒരു കീടനാശിനി പ്രയോഗിക്കാവുന്നതാണ്. ഇലയുടെ അരിക് താഴേക്ക് വളയുന്നതും തണ്ട് നീണ്ടുപോകുന്നതുമാണ് മണ്ഡരി ആക്രമണത്തിന്റെ ലക്ഷണങ്ങൾ. വെറ്റബ്ൾ സൾഫർ 2 ഗ്രാം/1 ലിറ്റർ വെള്ളത്തിൽ കലക്കി തളിച്ച് ഇവയെ നിയന്ത്രിക്കാവുന്നതാണ്.

### കമുക്

- **ഇലപ്പുള്ളി രോഗം:-** ഇലകളിൽ തവിട്ടു നിറത്തിലോ കറുത്തതോ ആയ പല വലിപ്പത്തിലുള്ള പുള്ളികൾ കാണുന്നതാണ് രോഗലക്ഷണം. രോഗം ബാധിച്ച ഓല



കൾ വെട്ടി നശിപ്പിക്കുകയും തോട്ടം ശുചിയായി സൂക്ഷിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്. 1 ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം അല്ലെങ്കിൽ 0.3 ശതമാനം വീര്യമുള്ള (3 ഗ്രാം/1 ലിറ്റർ വെള്ളത്തിൽ) മാങ്കോസെബ് 30-35 ദിവസം ഇടവേളയിൽ തളിച്ചു കൊടുത്ത് ഗോഗം നിയന്ത്രിക്കാം.

- **കൂമ്പിലചാഴി:-** കീടബാധയേറ്റ ഭാഗങ്ങളിൽ കറുത്ത പാടുകൾ വരികയും പിന്നീട് ഈ സ്ഥലങ്ങളിൽ തുളവീഴുകയും ചെയ്യുന്നു. തീവ്രമായ കീടബാധ വന്നാൽ മരത്തിന്റെ വളർച്ച മുരടിക്കുന്നു.
- കമുകിൻ തോട്ടത്തിലെ തണൽ ക്രമീകരിക്കുക. തയാമെതോക്സാം (24 WG) 0.25 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി നാമ്പോലയ്ക്കും ഉൾനിരയിലുള്ള ഓലകൾക്ക് ചുറ്റും തളിച്ചു കൊടുക്കാം.

### മാവ്

- കൊമ്പുണക്കം തടയുന്നതിന് കേടു വന്ന ഭാഗം വെട്ടി മാറ്റി 1 ശതമാനം ബോർഡോ മിശ്രിതം തളിച്ചു കൊടുക്കുക.



### കശുമാവ്

- തേയില കൊതുക് ചെടിയുടെ നീരൂറ്റിക്കുടിക്കുന്നു. ലാംബ്ട സൈഹലോത്രിൻ (10 EC) 0.6 മി.ലി / 1 ലിറ്റർ വെള്ളത്തിൽ കലക്കി ഉപയോഗിക്കാം.



കൃഷിവിജ്ഞാന കേന്ദ്രത്തിലെ ശാസ്ത്രജ്ഞർ, കൃഷിവകുപ്പ് ഉദ്യോഗസ്ഥർ, ആത്മ ബ്ലോക്ക് തല സാങ്കേതിക വിദഗ്ദ്ധർ എന്നിവർ ചേർന്ന് മലപ്പുറം കൃഷി വിജ്ഞാന കേന്ദ്രത്തിൽവെച്ച് നടത്തുന്ന ശില്പശാലയിൽ ഉരുത്തിരിഞ്ഞുവരുന്ന ആശയങ്ങളുടെ അടിസ്ഥാനത്തിലാണ് നിർദ്ദേശങ്ങൾ തയ്യാറാക്കിയിരിക്കുന്നത്.

പ്രസിദ്ധീകരിക്കുന്നത് :

**ATMA മലപ്പുറം**

E-mail: atmamalappuram@gmail.com




Vol.5 മാർച്ച് 2018 No.7

**സസ്യസംരക്ഷണ മാർഗ്ഗങ്ങൾ, കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ എന്നിവ കൃഷി ഓഫീസറുടെ നിർദ്ദേശപ്രകാരം മാത്രം നടത്തേണ്ടതാണ്.**

## നെല്ല്



- വിളവെടുപ്പിന് 10-15 ദിവസം മുൻപ് വരെ വയലിൽ 2-5 സെ.മീ. ഉയരത്തിൽ തുടർച്ചയായി വെള്ളം നിർത്തുക. 2 സെ.മീ. ആയാൽ വീണ്ടും ജലസേചനം നടത്തുക. പുഷ്പിക്കുന്ന സമയത്ത് 5 സെ.മീ. ജലനിരപ്പ് ഉറപ്പു വരുത്തുക. ഈ സമയത്ത് വരൾച്ച അനുഭവപ്പെട്ടാൽ പതിരിന്റെ അളവ് കൂടുകയും നെൽമണിയിൽ പാൽ നിറയുന്നതിന്റെ അളവ് കുറയുകയും ചെയ്യും. കാഞ്ചന, അന്നപൂർണ എന്നിവയാണ് കൃഷി ചെയ്യുന്നതെങ്കിൽ ട്രൈക്കോഡർമ 20 ഗ്രാം/1 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ നിർബന്ധമായും തളിക്കുക.

### കീടരോഗ നിയന്ത്രണം

- വിളക്ക് കെണികൾ സ്ഥാപിച്ചും ട്രൈക്കോകാർഡുകൾ ഉപയോഗിച്ചും തണ്ടു തുരപ്പനേയും ഓലചുരുട്ടിയേയും നിയന്ത്രിക്കാം. രാസ കീടനാശിനികളായ ഫ്ളൂബൻഡയാമൈഡ് (ഫെയിം) 2 മി.ലി/10 ലിറ്റർ വെള്ളം, ക്ലോറാൻട്രാനിലിപ്രോൾ (കൊറാജൻ) 3 മി ലി/10 ലിറ്റർ വെള്ളം എന്നിവയിൽ ഏതെങ്കിലും ഒന്ന് പ്രയോഗിക്കാം.
- ബ്ലാസ്റ്റ്, ഇലപ്പുള്ളി രോഗം, പോള രോഗം എന്നിവയ്ക്കെതിരെ സ്യൂഡോമൊണാസ്/ട്രൈക്കോഡർമ 20 ഗ്രാം/ 1 ലിറ്റർ വെള്ളത്തിൽ കലർത്തി തളിക്കാം. ടിൽറ്റ് 10 മി ലി/10 ലിറ്റർ വെള്ളം, കോണ്ടാഫ് 20 മി ലി/10 ലിറ്റർ വെള്ളം, ബാവിസ്റ്റിൻ 10 ഗ്രാം/10 ലിറ്റർ വെള്ളം, നേറ്റിവോ 4 ഗ്രാം/10 ലിറ്റർ വെള്ളം ഇവയിൽ ഒന്ന് രോഗം രൂക്ഷമായാൽ പ്രയോഗിക്കാം. ബ്ലാസ്റ്റ് രോഗം രുക്ഷമായാൽ ഫ്യുജി വൺ 15 മി ലി. / 10 ലിറ്റർ വെള്ളത്തിൽ തളിക്കുക.
- ലക്ഷ്മി രോഗം മൂലം സ്ഥിരമായി നഷ്ടമുണ്ടാകുന്ന സ്ഥലങ്ങളിൽ കോണ്ടാഫ് 2 മി.ലി /1 ലിറ്റർ വെള്ളത്തിൽ, ടിൽറ്റ് 1 മി.ലി./1 ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ കോസൈഡ് 1.5 ഗ്രാം /1 ലിറ്റർ വെള്ളത്തിൽ 50 ശതമാനം കതിർ വന്നു കഴിയുമ്പോൾ തളിക്കുക.



## തെങ്ങ്

### വരൾച്ചാ പ്രതിരോധ മുറകൾ

- പുതയിടൽ ഉണങ്ങിയ ഇലകളും ചപ്പുചവറുകളും ഉപയോഗിച്ചു പുതയിടുന്നത് മണ്ണിന്റെ താപനില കുറക്കുന്നു.
- വെള്ളപൂശൽ തെങ്ങിൻതടിയിൽ അടിഭാഗത്ത് നിന്നും ആറടി ഉയരം വരെ വെള്ള പൂശുക. ഇത് കമുകിനും ഗുണകരമാണ്.
- ഓലമുറിയ്ക്കൽ വേനൽക്കാലത്ത് തെങ്ങിന്റെ ഏറ്റവും മൂപ്പെത്തിയ 2- 3 പച്ചയോലകൾ വെട്ടുന്നത് ഇലയിലൂടെയുള്ള സ്വേദനനഷ്ടം കുറയ്ക്കും.
- ജൈവാവശിഷ്ടങ്ങൾ തെങ്ങിൻ തോട്ടത്തിൽ കത്തിയ്ക്കുന്നത് ഒഴിവാക്കണം. ഇത് പുതയിടാനായി ഉപയോഗിക്കാം.
- ചൂടുകാലത്ത് തെങ്ങിൻ തോപ്പിലെ മണ്ണ് ഇളക്കരുത്.

## കീടനിയന്ത്രണം

- **ചെമ്പൻ ചെല്ലി/കൊമ്പൻചെല്ലി :-** മണ്ട വൃത്തിയാക്കി മുകളിലത്തെ ഓലക്കവിളുകളിൽ 250 ഗ്രാം വീതം വേപ്പിൻ പിണ്ണാക്കും മണലും ഇടുക. കല്ലുപ്പും മണലും ചേർന്ന് മിശ്രിതവും നല്ലതാണ്. ചെമ്പൻ ചെല്ലിയുടെ ആക്രമണമുണ്ടായിട്ടുള്ള തെങ്ങുകളിൽ ഇമിഡാക്ലോപ്രിഡ് 1 മി.ലി/1 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ലയിപ്പിച്ച് ഇവയുണ്ടാക്കിയ ദ്വാരങ്ങളിലൂടെ ഒഴിച്ചു കൊടുക്കുന്നത് തടിക്കുള്ളിലുള്ള പുഴുക്കളെ നശിപ്പിക്കുന്നതിന് സഹായകരമാണ്.
- **പൂങ്കുലച്ചാഴി :-** പൂങ്കുലച്ചാഴിയുടെ ആക്രമണം മൂലം മച്ചിങ്ങ പൊഴിയുകയോ തേങ്ങ പേടാവുകയോ ചെയ്യും. കീടത്തിന്റെ കുത്തേറ്റ ഭാഗത്ത് പശ പോലുള്ള ദ്രാവകം ഒഴുകി കട്ട പിടിച്ചിരിക്കുന്നതുകാണാം. മച്ചിങ്ങ വളരുന്നതിനനുസരിച്ച് ചെറിയ വിള്ളൽ രൂപപ്പെടും. ഇവയെ നിയന്ത്രിക്കുന്നതിന് പുതുതായി വിരിഞ്ഞ പൂങ്കുലകളിൽ 2 മില്ലി /ലിറ്റർ ക്വിനാൽഫോസ് 1 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിച്ചുകൊടുക്കുക. ചൊട്ട വിരിഞ്ഞ ഉടനെയും മൂപ്പെത്തിയ കുലകളിലും കീടനാശിനി തളിക്കാൻ പാടില്ല. കഴിവതും വൈകുന്നേരങ്ങളിൽ തളിച്ചു കൊടുക്കുന്നതാണ് നല്ലത്.

## രോഗ നിയന്ത്രണം

- **തഞ്ചാവൂർ വാട്ടം :-** കോൺടാഫ് (ഹെക്സാ കൊണസോൾ) 80 മി.ലി /40 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ മണ്ണിൽ ഒഴിച്ചു കൊടുക്കണം. തടം നനച്ച ശേഷം കീടനാശിനി പ്രയോഗം നടത്തണം.
- **ചെന്നീരൊലിപ്പ് :-** കറയൊലിക്കുന്ന ഭാഗത്തെ തൊലി ചെത്തി മാറ്റി ബോർഡോ കുഴമ്പോ ഹെക്സാകൊണസോൾ (കോൺടാഫ്) 5 മി.ലി 100 മി.ലി വെള്ളത്തിൽ കലക്കിയതോ പുരട്ടണം. 25 ഗ്രാം ട്രൈക്കോഡർമ കൾച്ചർ 50 മി.ലി വെള്ളത്തിൽ പേസ്റ്റാക്കിയും ഈ ഭാഗത്ത് പുരട്ടുന്നത് മറ്റൊരു മാർഗ്ഗമാണ്. ഈ ഭാഗത്ത് ഒന്നിടവിട്ട ദിവസങ്ങളിൽ വെള്ളം സ്പ്രേ ചെയ്യണം.



തെങ്ങിൽ നിന്നും ചെത്തി മാറ്റിയ തൊലി കത്തിച്ച് കളയണം. കൂടാ തെ തെങ്ങൊന്നിന് 5 മുതൽ 10 കി.ഗ്രാം വീതം ട്രൈക്കോഡർമ സമ്പുഷ്ട ചാണകം ചേർത്തു കൊടുക്കുന്നത് ഫലപ്രദമാണ്.

- **ബോറോൺ അഭാവം:-** ഇതുമൂലം ഓലക്കാലുകൾ വേർപെടാതെ വിശറി പോലെ കാണുകയും പൂങ്കുലകൾ കരിഞ്ഞുണങ്ങുകയും ചെയ്യുന്നു. ലക്ഷണങ്ങൾ കണ്ടു തുടങ്ങിയാൽ തെങ്ങ് ഒന്നിന് 50 ഗ്രാം ബോറാക്സ് ഒരു മാസം ഇടവിട്ട് രണ്ടു തവണ തടത്തിൽ ഇട്ടു കൊടുക്കേണ്ടതാണ്. കാത്സ്യത്തിന്റെ അഭാവം ഉണ്ടായാൽ തെങ്ങ് ഒന്നിന് ഒരു കിലോ കുമ്മായം ചേർത്തു കൊടുക്കുക.

## ഇടവിള കൃഷി പരിചരണം

- **ഇഞ്ചി/മഞ്ഞൾ :-** കൃഷി ചെയ്യാനുദ്ദേശിക്കുന്ന സ്ഥലത്ത് ജോലിയാരംഭിക്കണം. സൗകര്യപ്രദമായ നീളത്തിലും 25 സെ.മീ. ഉയരത്തിലും വാരം തയ്യാറാക്കണം. വാരങ്ങൾ തമ്മിൽ 40 സെ.മീ. അകലം വേണം.
- **കുരുമുളക്:-** വേനൽമഴ ലഭിക്കുന്നതോടെ കുരുമുളക് വള്ളിയിടുന്നതിനുള്ള താങ്ങുകാലുകൾ വച്ചുപിടിപ്പിക്കാവുന്നതാണ്.
- **പൊള്ളുവണ്ട് :-** വണ്ടുകൾ തളിരിലകളെ തിന്നു നശിപ്പിക്കുന്നു. പൊള്ളുവണ്ടാക്രമിച്ച മണികൾ പൊള്ളയായി കൈകൊണ്ട് അമർത്തിയാൽ പൊട്ടിപ്പോകും.
- തണൽ അധികമുള്ള തോട്ടങ്ങളിൽ തണൽ ക്രമീകരിക്കുക. കീടബാധ രൂക്ഷമാണെങ്കിൽ ക്വിനാൽഫോസ് (2 മി.ലി/ലിറ്റർ) ജൂൺ - ജൂലൈ മാസങ്ങളിലും, സെപ്റ്റംബർ - ഒക്ടോബർ മാസങ്ങളിലും തളിയ്ക്കുക.
- **ഇലപ്പേൻ :-** ഇലപ്പേൻ ആക്രമിക്കുന്നതു മൂലം ഇലകളുടെ അരികുകൾ അടിയിലേക്ക് ചുരുളുന്നു. ഡൈമെത്തോയേറ്റ് (2 മി.ലി/ലി) അല്ലെങ്കിൽ ക്വിനാൽഫോസ് (2 മി.ലി/ലി) തളിച്ച് കൊടുക്കാം.



- **കാച്ചിൽ :-** കാച്ചിൽ ഈ സമയത്ത് നടാവുന്നതാണ്. വിത്ത് 250-300 ഗ്രാം തൂക്കമുള്ള കഷണങ്ങളായി നീളത്തിൽ മുറിച്ചെടുക്കണം. നടുന്നതിന് മുമ്പ് ചാണകക്കുഴമ്പിൽ മുക്കി തണലത്തുണക്കിയെടുക്കണം. 15-20 സെ.മീ. ആഴത്തിൽ ഉഴുതോ കിളച്ചോ കൃഷിസ്ഥലം തയ്യാറാക്കാം. ഒരു മീറ്റർ അകലത്തിൽ 45x45x45 സെ.മീ. നീളം, വീതി, ആഴം ഉള്ള കുഴികൾ തയ്യാറാക്കി 25 കി.ഗ്രാം കാലിവള്ളം മേൽമണ്ണുമായി കലർത്തി കുഴിയുടെ മുക്കാൽ ഭാഗം മൂടുക. കിഴങ്ങുകൾ കുഴിയിൽ നട്ട ശേഷം പുതയിടണം.

# വാഴ

- ജലസേചനം തുടരുക. തടത്തിൽ പുതയിട്ടു കൊടുക്കുകയും ചെയ്യുക.
- വാഴത്തോട്ടത്തിലെ കളകളും മറ്റും മുറിച്ച് ശുചിത്വം പാലിക്കേണ്ടതാണ്.
- ജലസേചനം നൽകുന്ന 3,4,5 മാസം പ്രായമായ വാഴകൾക്ക് 60 ഗ്രാം യൂറിയ, 100 ഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ്, എന്ന തോതിൽ നൽകാവുന്നതാണ്.
- തടപ്പുഴുവിനെതിരെ വേപ്പിൻ പിണ്ണാക്ക്/വേപ്പിൻകുരു പൊടിച്ചത് 50 ഗ്രാം വാഴ ഒന്നിന് എന്ന തോതിൽ ഇലക്കവിളക്കുകളിൽ ഇട്ടുകൊടുക്കുക. ബിവേറിയയുടെ വാഴത്തട കെണികൾ തോട്ടങ്ങളിൽ സ്ഥാപിക്കുക.



- വാഴയുടെ കൂമ്പ് ചുക്കിചുളിഞ്ഞ് കാണപ്പെടുന്നത് പരിഹരിക്കാൻ വാഴ ഒന്നിന് 250 ഗ്രാം കുമ്മായം നൽകുകയും ബൊറാക്സ് 1.5 ഗ്രാം/ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ചു കൊടുക്കുകയും വേണം.
- കൊക്കാൻ രോഗം വ്യാപകമായി കാണപ്പെടാൻ സാധ്യതയുണ്ട്. രോഗം ബാധിച്ച തൈകൾ പിഴുതുമാറ്റി നശിപ്പിക്കുക. കന്നുകൾ തെരഞ്ഞെടുക്കുമ്പോൾ രോഗം ബാധിക്കാത്ത തോട്ടങ്ങളിൽ നിന്ന് തന്നെയാണെന്ന് ഉറപ്പുവരുത്തുക.
- വാഴക്കുലയുടെ വണ്ണവും തൂക്കവും വർദ്ധിപ്പിക്കുന്നതിന് സൾഫേറ്റ് ഓഫ് പൊട്ടാഷ് 15 ഗ്രാം/1 ലിറ്റർ വെള്ളത്തിൽ കുല വന്നശേഷം ഉടനെയും ഒരു മാസം കഴിഞ്ഞും തളിച്ചു കൊടുക്കുക.

# പച്ചക്കറികൾ

### പയർ

- തുരുമ്പിക്കൽ രോഗത്തിനെതിരെ ബാവിസ്റ്റിൻ, ടിൽറ്റ്, വെറ്റബിൾ സൾഫർ എന്നിവയിലൊന്ന് വെള്ളത്തിൽ കലക്കി തളിക്കുക.
- പയറിൽ മണ്ണിനു തൊട്ടു മുകളിലുള്ള തണ്ടിൽ നനഞ്ഞ പാടുകൾ കാണുകയും ക്രമേണ അത് ചീയലായി മാറി ചെടി പെട്ടെന്ന് വാടുകയും ചെയ്യുന്ന വാട്ടരോഗത്തിനെതിരെ സ്യൂഡോമൊണാസ് (20 ഗ്രാം/ലിറ്റർ) കോപ്പർ ഓക്സിക്ലോറൈഡ് (3 ഗ്രാം/ലിറ്റർ) ബാവിസ്റ്റിൻ (2 ഗ്രാം /1 ലിറ്റർ) എന്നിവയിലൊന്ന വെള്ളത്തിൽ കലക്കി തളിക്കുക.
- പയർ ചാഴിയുടെ ഉപദ്രവം കണ്ടാൽ കൃഷിയിടത്ത് സൗകര്യമുള്ളിടത്ത് പന്തം കൊളുത്തി വെക്കുക. സന്ധ്യ മയങ്ങിക്കഴിഞ്ഞാൽ അരമണിക്കൂർ നേരം നിന്ന് കത്തുന്ന രീതിയിൽ പന്തം വെക്കണം. അനവധി ചാഴികളെ ഈ രീതിയിൽ നശിപ്പിക്കാം.
- കരിമ്പിൻകേട് രോഗം പ്രത്യക്ഷപ്പെടുന്നത് ചെടികളുടെ തണ്ടിലും കായകളിലും ഇലകളിലും ഞരമ്പിലും കറുത്ത പാടുകൾ കാണപ്പെടും. ഈ രോഗം കാണപ്പെടുന്നതോടുകൂടി ഇലകൾ വാടി കൊഴിഞ്ഞു പോകുന്നു. 2 ഗ്രാം കാർബൺഡാസിം 1 കി.ഗ്രാം വിത്ത് എന്ന തോതിൽ വിത്ത് പരിചരണം നടത്തുക. ചെടിയ്ക്ക് ഒരു മാസം പ്രായമാകുമ്പോൾ 1 ഗ്രാം കാർബൺഡാസിം 1 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ഇലകളിലും തണ്ടിലും പതിക്കത്തക്ക വിധം തളിയ്ക്കുക.

### വെള്ളരി വർഗ്ഗവിളകൾ

- കായീച്ചക്കെതിരെ ഫിറമോൺ കെണി ഉപയോഗിക്കുക. ഒരു ഏക്കറിന് ഏഴ് എന്ന തോതിലാണ് ഫിറമോൺ കെണി ഉപയോഗിക്കേണ്ടത്. ഫിറമോൺ കെണികൾ കൃഷിയിടത്തിന്റെ വശങ്ങളിൽ വെക്കാൻ ശ്രദ്ധിക്കണം.പഴക്കെണി,തുളസിക്കെണി, കഞ്ഞിവെള്ളക്കെണി, മീൻ കെണി എന്നിവ 10 കുഴിക്ക് 1 എന്ന തോതിൽ തൂക്കിയിട്ടും കായീച്ചകളെ നശിപ്പിക്കാം .20 ഗ്രാം ശർക്കര 1 ലിറ്റർ വെള്ളത്തിൽ നല്ലതു പോലെ ഇളക്കി ചേർത്തതിൽ 2 മി. ലി റോഗർ എന്ന കീടനാശിനി കലർത്തി 1 സെന്റിന് ഒരു സ്ഥലത്ത് എന്ന തോതിൽ ഇലകളുടെ അടിവശത്തു തളിച്ചും കായീച്ചകളെ ആകർഷിച്ച് നശിപ്പിക്കാം
- ഇലകളിൽ വെളുത്ത വരകളായി കാണുന്ന ലീഫ് മൈനർ എന്ന കീടത്തിനെതിരെ ആവണക്കെണ്ണ - വേപ്പെണ്ണ എമൾഷൻ അല്ലെങ്കിൽ വെർട്ടിസീലിയം തളിക്കാം. കാര്യമായ ആക്രമണമുണ്ടെങ്കിൽ അസഫേറ്റ്, ഡൈമെത്തോയേറ്റ് എന്നീ കീടനാശിനികളിൽ ഏതെങ്കിലും ഒന്ന് തളിക്കാം. മരുന്നു തളിക്കേണ്ടത് കാലത്ത് 8 മണിക്ക് മുമ്പ് അല്ലെങ്കിൽ വൈകുന്നേരമാകണം.
- കുരുടിപ്പ് നിയന്ത്രിക്കാൻ വെളുത്തുള്ളി - വേപ്പെണ്ണ മിശ്രിതം ഫലപ്രദമാണ്. ആക്രമണം രൂക്ഷമാണെങ്കിൽ ഡിഡിവിപി (നുവാൻ, ധും) ഇമിഡാക്ലോപ്രിഡ്, അസഫേറ്റ് എന്നിവയിലേതെങ്കിലും ഒന്ന് തളിക്കാം.
- പൗഡറി മിൽഡ്യൂ രോഗം കാണുകയാണെങ്കിൽ വെറ്റബിൾ സൾഫർ 2 ഗ്രാം/1 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിക്കുക. മഢ്ഡരിയും ഇതു വഴി നിയന്ത്രിക്കാൻ കഴിയും. കഞ്ഞിവെള്ളം നേർപ്പിച്ച് ഇലകളുടെ അടിവശത്ത് പതിക്കുന്ന രീതിയിൽ തളിക്കുന്നതും മഢ്ഡരിക്കെതിരെ ഫലപ്രദമാണ്.
- പാവൽ, പടവലം, വഴുതന തുടങ്ങിയ പച്ചക്കറികളിൽ ആമവണ്ടുകളും അവയുടെ പുഴുക്കളും ഹരിതകം മാത്രം അവശേഷിപ്പിക്കുകയും തുടർന്ന് ക്രമേണ ഇലകൾ കരിഞ്ഞുണങ്ങുകയും ചെയ്യുന്നു. കൈവലകളുടെ സഹായത്താൽ വണ്ടുകളെ ശേഖരിച്ച് നശിപ്പിക്കുക. മുട്ടകൾ, പുഴുക്കൾ, സമാധിദശകൾ എന്നിവ ഇലയുടെ അടിഭാഗത്തായിരിക്കും. ഇവയെ കണ്ടെത്തി നശിപ്പിക്കുക. വണ്ടുകളുടെ നിയന്ത്രണത്തിന് കൊതുകുകളെ കൊല്ലുന്നതിനുപയോഗിക്കുന്ന ബാറ്റ് ഉപയോഗിക്കാം.
- വെള്ളരി വണ്ടിനെതിരെ നടുന്ന സമയത്ത് തടത്തിൽ വേപ്പിൻ പിണ്ണാക്ക് ഇട്ടു കൊടുക്കുന്നത് ഫലപ്രദമാണ്. രണ്ടില പരുവത്തിൽ ബിവേറിയ 20 ഗ്രാം/1ലിറ്റർ വെള്ളത്തിൽ കലർത്തി തളിച്ചുകൊടുക്കുന്നതും തടത്തിൽ ഒഴിച്ചു കൊടുക്കുന്നതും പ്രയോജനം ചെയ്യും. ക്ലോർപൈറിഫോസ് 2 മി.ലി/ 1 ലിറ്റർ വെള്ളത്തിൽ കലക്കി തളിച്ചും തടത്തിൽ ഒഴിച്ചു കൊടുത്തും വെള്ളരി വണ്ടിനെനിയന്ത്രിക്കാവുന്നതാണ്.
- ബോറോൺ, മഗ്നീഷ്യം എന്നീ സൂക്ഷ്മ മൂലകങ്ങളുടെ കുറവ് വളരെ വ്യാപകമായി കാണുന്നു. ഇതിന് ബൊറാക്സ് (1.5 ഗ്രാം/1 ലിറ്റർ വെള്ളത്തിൽ) മഗ്നീഷ്യം സൾഫേറ്റ് (1.5 ഗ്രാം/1 ലിറ്റർ വെള്ളത്തിൽ) എന്നിവ തളിക്കാവുന്നതാണ്.

### വെണ്ട

- വേനൽ കാലത്ത് മൊസൈക്ക് രോഗം കൂടുതലാണ്. രോഗം ബാധിച്ച ചെടികൾ പിഴുതു മാറ്റി നശിപ്പിക്കണം. രോഗം പരത്തുന്ന ചെറുപ്രാണികളായ വെള്ളീച്ചയെ വെളുത്തുള്ളി - വേപ്പെണ്ണ - സോപ്പു മിശ്രിതം തളിച്ചും മഞ്ഞബോർഡിൽ ആവണക്കെണ്ണ തേച്ച് വെണ്ടക്കിടയിൽ കെട്ടിത്തൂക്കിയും നശിപ്പിക്കാവുന്നതാണ്. തൈ ആയിരിക്കുമ്പോഴും പുഷ്പിച്ചു തുടങ്ങുമ്പോഴും ഓരോ തവണ ഇമിഡാക്ലോപ്രിഡ് അല്ലെങ്കിൽ അസഫേറ്റ് തളിച്ചും ഈ കീടങ്ങളെ നിയന്ത്രിക്കാവുന്നതാണ്.
- തണ്ടുതുരപ്പന്റെ ആക്രമണം ഏറ്റ ഭാഗങ്ങൾ മുറിച്ചു മാറ്റി നശിപ്പിക്കുക. രൂക്ഷമായ ആക്രമണമാണെങ്കിൽ ഡൈമെത്തോയേറ്റ് 2 മി.ലി/1 ലിറ്റർ വെള്ളത്തിൽ എന്ന കണക്കിന് കലക്കി തളിക്കുക.
- ഇലകളിൽ പൂപ്പൽ മാതിരി കുമിളുകൾ കാണുകയും ഇലകൾ മഞ്ഞളിക്കുകയും ചെയ്താൽ പൗഡറി